**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **20-01-2021 - ൽ മറുപടിയ്ക്ക്**

**നൂറുദിന പരിപാടികളിലൂടെ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ. സജി ചെറിയാൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മഹാമാരി ദുർബലവിഭാഗങ്ങളുടെ മേൽ ഉൾപ്പെടെ ഏല്പിച്ച സാമ്പത്തികാഘാതം മറികടക്കുന്നതിൽ ക്ഷേമനടപടികളോടൊപ്പം വികസനപ്രവർത്തനങ്ങളുടെയും പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രഖ്യാപിച്ച രണ്ട് നൂറുദിന പരിപാടികളെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | രണ്ട് നൂറുദിന പരിപാടികളുടെ ചിട്ടയായ പ്രവർത്തനമാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഒന്നാംഘട്ട കർമ്മപരിപാടിയിൽ നൂറുദിവസങ്ങൾ കൊണ്ട് (2020 സെപ്റ്റംബർ 1 മുതൽ ഡിസംബർ 9 വരെ) നൂറ് പരിപാടികൾ ഉൾപ്പെടുത്തുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പല പദ്ധതികളും പിന്നീട് ചില വകുപ്പുകൾ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ ഉൾപ്പെടുത്തിയതും കൂടി ചേർത്ത് ആകെ 156 പദ്ധതികളിൽ 115 എണ്ണം പൂർണ്ണതോതിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം- I ആയി ചേർത്തിട്ടുണ്ട്). ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തവ രണ്ടാംഘട്ടത്തിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ടനൂറുദിന കർമ്മപരിപാടിയിലുള്ള (2020 ഡിസംബർ 17 മുതൽ 2021 മാർച്ച് 27 വരെ) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - II ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ആദ്യ നൂറുദിന പരിപാടി പ്രകാരം പുതുതായി എത്ര പേർക്ക് കാർഷികേതര മേഖലകളിൽ തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്; എത്ര പേർക്ക് തൊഴിൽ നൽകാനായെന്ന് അറിയിക്കാമോ; | (ബി) | 50,000 തൊഴിലവസരങ്ങൾ പരിപാടിയുടെ ഭാഗമായി സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരിപാടിയുടെ ഭാഗമായി ലക്ഷ്യത്തെക്കാൾ ഇരട്ടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1,21,083 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം- III ആയി ചേർത്തിട്ടുണ്ട്. |
| (സി) | പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി വിഭവവിനിയോഗം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ വഴി വികസനം | (സി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പദ്ധതി ചെലവ് അവലോകന യോഗങ്ങളിലും, സമയാസമയങ്ങളിൽ പദ്ധതി |

| | | | |
|---|---|---|---|
| | ത്വരിതപ്പെടുത്തുന്നതിനും നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ? | | അവലോകനത്തിനായി മുഖ്യമന്ത്രി വിളിച്ച് ചേർക്കുന്ന പ്രത്യേക യോഗങ്ങളിലും പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറി മാസം തോറും നടത്തുന്ന സെക്രട്ടറിമാരുടെ യോഗത്തിലും പദ്ധതികളുടെ പുരോഗതി പ്രത്യേകമായി വിലയിരുത്താറുണ്ട്. വകുപ്പ് തലത്തിലും പദ്ധതികളുടെ അവലോകന യോഗങ്ങൾ ഓരോ മാസത്തിലും നടത്തപ്പെടുന്നുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി 'PLAN SPACE' (www.planspace.kerala.gov.in) എന്ന 'Online Real time Monitoring System' നിലവിലുണ്ട്. കൂടാതെ, പ്രധാനപ്പെട്ടതും മുൻഗണനാടിസ്ഥാനത്തിൽ ചെയ്യേണ്ടതും ആയ പ്രോജക്ടുകൾ പ്രത്യേകം നിരീക്ഷിക്കുന്നതിനായി 'Chief Minister's Office Project Co-ordination & Monitoring System' (www.cmopcmg.kerala.gov.in) എന്ന പേരിൽ ഒരു ഡാഷ് ബോർഡും നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികളുടെ/പ്രോജക്ടുകളുടെ പുരോഗതി സമയാസമയങ്ങളിൽ പ്രസ്തുത സംവിധാനങ്ങളിലൂടെ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. ആദ്യഘട്ട നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി മന്ത്രിമാരെയും ചീഫ് സെക്രട്ടറിയെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി മൂന്ന് അവലോകന യോഗങ്ങൾ 13.10.2020, 10.11.2020, 02.12.2020 എന്നീ തീയതികളിൽ മുഖ്യമന്ത്രി വിളിച്ച് ചേർക്കുകയുണ്ടായി. കൂടാതെ, വകുപ്പ് മന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ തലങ്ങളിൽ നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി അവലോകനം ചെയ്ത് സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| കേരള സർക്കാർ നൂറു ദിന കർമ്മ പരിപാടി - ഒന്നാം ഘട്ടം | | |
|---|---|---|
| പദ്ധതി വിശദാംശങ്ങൾ | | |
| ക്രമ നമ്പർ | പദ്ധതി | സ്റ്റാറ്റസ് |
| 1 | പച്ചക്കറികളുടെ തറവില പ്രഖ്യാപനം | Completed |
| 2 | കാലാവസ്ഥ അനുരൂപ കൃഷിരീതി മൺറോതുരുത്തിലും കുട്ടനാട്ടിലും ഉദ്ഘാടനം | Completed |
| 3 | കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം | Completed |
| 4 | പട്ടാമ്പി ജീവാണു - ജൈവവള ഗുണനിയന്ത്രണശാല ഉദ്ഘാടനം | Completed |
| 5 | നെൽവയലുകൾക്ക് റോയൽറ്റി നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം (Royalty for Owners of Cultivable paddy land) | Completed |
| 6 | കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനിസേഷൻ (SMAM) പദ്ധതിയുടെ ഉദ്ഘാടനം | Completed |
| 7 | റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ-പൊന്നാനി കോൾ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പ്രവർത്തി ആരംഭം | Completed |
| 8 | 15 കേരഗ്രാമം പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം | Completed |
| 9 | മണ്ണ്, ജല സംരക്ഷണം - നിർമ്മാണം പൂർത്തിയായ 7 പദ്ധതികളുടെയും പ്രവർത്തനം ആരംഭിക്കുന്ന 34 മണ്ണ് ജലസംരക്ഷണ പദ്ധതികളുടെയും സംസ്ഥാനതല ഉദ്ഘാടനം | Completed |
| 10 | കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം - നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിക്കുന്നതുമായ 20 പ്രവർത്തികളുടെ സംസ്ഥാനതല ഉദ്ഘാടനം | Completed |
| 11 | പച്ചക്കറി - പുഷ്പ കൃഷിയുടെ മികവിന്റെ കേന്ദ്രം - ഇൻഡോ ഡച്ച് സംയുക്ത കർമ്മ പദ്ധതി ഉദ്ഘാടനം | Completed |
| 12 | 500 കേന്ദ്രങ്ങളിൽക്കൂടി ആടുകളുടെ ബീജദാന പദ്ധതി നടപ്പാക്കൽ. | Completed |
| 13 | ക്ഷീരഗ്രാമം പദ്ധതി ഉദ്ഘാടനം | Completed |
| 14 | ശ്രീനാരായണ ഗുരു പ്രതിമ അനാച്ഛാദനം | Completed |
| 15 | ചെറായി, പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ സ്മാരകം | Completed |
| 16 | റേഡിയോ മലയാളം സ്റ്റുഡിയോ ഉദ്ഘാടനം | Completed |
| 17 | എറണാകുളം ടി.കെ. പത്മിനി ആർട്ട് ഗാലറിയുടെ നിർമ്മാണോദ്ഘാടനം | Completed |
| 18 | പ്രേംനസീർ സ്മാരകം ശിലാസ്ഥാപനം | Completed |
| 19 | ക്ഷേമ-സുരക്ഷാ പെൻഷനുകൾ - 100 രൂപ വർദ്ധിപ്പിക്കുന്ന പ്രഖ്യാപനം. | Completed |

| | | |
|---|---|---|
| 20 | കെഎസ്എഫ്ഇയുടെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ അഞ്ചുലക്ഷം കുട്ടികൾക്ക് ലാപ്പ്ടോപ്പുകൾ എത്തിക്കുന്നതിനുള്ള വിദ്യാശ്രീ പദ്ധതി. | Completed |
| 21 | ഒരു നിയോജകമണ്ഡലത്തിൽ ഒരു മത്സ്യഫെഡ് സ്റ്റാൾ ഉദ്ഘാടനം | Completed |
| 22 | കൊയിലാണ്ടി, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം ഉദ്ഘാടനം | Completed |
| 23 | പ്രതിമാസ ഭക്ഷ്യക്കിറ്റ് വിതരണ പദ്ധതി ഉദ്ഘാടനം | Completed |
| 24 | കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമി ഉദ്ഘാടനം | Completed |
| 25 | 5 കോടി ചെലവിൽ നവീകരിച്ച 34 സ്കൂളുകളുടെ ഉദ്ഘാടനം | Completed |
| 26 | കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് ഉപയോഗിച്ച് പണി പൂർത്തീകരിച്ച 90 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം | Completed |
| 27 | എന്റെ കേരളം ഹൈടെക് ആയി പ്രഖ്യാപനം : ഹൈടെക്ക് സ്കൂളുകളുടെ പദ്ധതി പൂർത്തീകരണത്തിന്റെ പ്രഖ്യാപനം. | Completed |
| 28 | 54 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനം | Completed |
| 29 | കാസർഗോഡ് TATA കോവിഡ് ഹോസ്പിറ്റൽ ഉദ്ഘാടനം | Completed |
| 30 | തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും ആർ.സി. സിയിലെയും കാഷ്വാലിറ്റികളുടെ ഉദ്ഘാടനം | Completed |
| 31 | കോട്ടയം മെഡിക്കൽ കോളേജിലെ 7 പദ്ധതികളുടെ ഉദ്ഘാടനം | Completed |
| 32 | കോഴിക്കോട് മെഡിക്കൽ കോളേജിലെ 4 പദ്ധതികളുടെ ഉദ്ഘാടനം | Completed |
| 33 | മലബാർ ക്യാൻസർ സെൻററിലെ 6 പദ്ധതികളുടെ ഉദ്ഘാടനം | Completed |
| 34 | കോന്നി മെഡിക്കൽ കോളേജിലെ ഒ.പി വിഭാഗം ഉദ്ഘാടനം | Completed |
| 35 | കൊല്ലം മെഡിക്കൽ കോളേജിലെ കാത്ത് ലാബ്,ഐസിയു വിഭാഗങ്ങളുടെ ഉദ്ഘാടനം | Completed |
| 36 | 153 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഉദ്ഘാടനം | Completed |
| 37 | 18 ജില്ലാ / ജനറൽ / താലൂക്ക് ആശുപത്രികളുടെ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം | Completed |
| 38 | പുതിയ 150 കോഴ്സുകളുടെ പ്രഖ്യാപനം | Completed |
| 39 | 26 കോടി രൂപ മുതൽമുടക്കിൽ 32 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പൂർത്തീകരണം. | Completed |
| 40 | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ഉദ്ഘാടനം | Completed |
| 41 | പാലക്കാട് ഐഐടി നിള ക്യാംപസ് ഉദ്ഘാടനം | Completed |
| 42 | ആലപ്പുഴ ജില്ലാ ജയിൽ ഉദ്ഘാടനം | Completed |
| 43 | ട്രാഫിക് എൻഫോഴ്സ്മെന്റ് ഇ-ചെലാൻ സംവിധാനം - സംസ്ഥാനതല | Completed |
| 44 | 15 സൈബർ പോലീസ് സ്റ്റേഷനുകളുടെ ഉദ്ഘാടനം | Completed |

| | | |
|---|---|---|
| 45 | പോലീസിന്റെ 8 പദ്ധതികൾ ഉദ്ഘാടനം. | Completed |
| 46 | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് - ഏകജാലക സംവിധാനം ഉദ്ഘാടനം | Completed |
| 47 | പാലക്കാട് മെഗാ ഫുഡ് പാർക്ക് ഉദ്ഘാടനം | Completed |
| 48 | മെഡിക്കൽ ഡിവൈസ് പാർക്കിന് (കെ.എസ്.ഐ.ഡി.സി) ശിലാസ്ഥാപനം | Completed |
| 49 | കേരള സെറാമിക്സിന്റെ നവീകരിച്ച പ്ലാന്റുകളുടെ ഉദ്ഘാടനം. | Completed |
| 50 | നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസിംഗ് സെൻറർ നിർമ്മാണോദ്ഘാടനം | Completed |
| 51 | KMML ഓക്സിജൻ പ്ലാന്റ് ഉദ്ഘാടനം | Completed |
| 52 | ആലപ്പുഴ സഹകരണ സ്പിന്നിങ്ങ്മിൽ നവീകരണ പദ്ധതി പൂർത്തീകരണം ഉദ്ഘാടനം | Completed |
| 53 | കോമളപുരം സ്പിന്നിങ് മിൽ രണ്ടാം ഘട്ടം നവീകരണം പൂർത്തിയാക്കലും നോൺ വുമൺ ഫാബ്രിക് നിർമാണത്തിന്റെ ശിലാസ്ഥാപനവും | Completed |
| 54 | കരകൗശല വികസന കോർപറേഷൻ - സെന്റിനറി ബിൽഡിംഗ് , തീം ഷോറൂം, S M S M സ്ഥിരം എക്സിബിഷൻ സെന്റർ എന്നിവയുടെ ഉദ്ഘാടനം | Completed |
| 55 | ബാംബൂ കോർപറേഷൻ - നീം ടൈൽസ് ലോഞ്ചിങ്, കുമരകം ഷോറൂം ഉത്ഘാടനം, പനമ്പ് നെയ്ത്തു കേന്ദ്രം ഉദ്ഘാടനം | Completed |
| 56 | ഹാൻടെക്സ് ഗാർമെൻറ് യൂണിറ്റ് ഉദ്ഘാടനം | Completed |
| 57 | പാപ്പിനിശ്ശേരി ഖാദി മാൾ ശിലാസ്ഥാപനം, ഖാദി ട്രെയിനിങ് സെന്റർ ഉദ്ഘാടനം | Completed |
| 58 | ട്രാവൻകൂർ സിമന്റ് ലിമിറ്റഡിൽ ഗ്രേ സിമന്റ് ഉല്പാദന യൂണിറ്റ് ശിലാസ്ഥാപനം | Completed |
| 59 | KELTRON നിർമ്മാണ യൂണിറ്റുകളിലെ ഉല്പാദന സൗകര്യം വർധിപ്പിക്കലും വൈവിധ്യ വൽക്കരണവും | Completed |
| 60 | കണ്ണൂർ നാച്ചുറൽ റബ്ബർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ശിലാസ്ഥാപനം | Completed |
| 61 | ആക്സിലറേറ്റർ ഫോർ ഇലക്ട്രോണിക് ടെക്നോളജീസ് (Accelerator for Electronic Technologies) | Completed |
| 62 | എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സംവിധാനം ഉദ്ഘാടനം | Completed |
| 63 | ഒക്കുപേഷണൽ സേഫ്റ്റി ആന്റ് ഹെൽത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം | Completed |

| | | |
|---|---|---|
| 64 | തിരുവനന്തപുരം കോർപ്പ്റേഷൻ പരിസരത്തും ചാലയിലും മൾട്ടിലെവൽ കാർ പാർക്കിംഗ് ഒന്നും രണ്ടും ഘട്ടം | Completed |
| 65 | സംയോജിത പ്ലാസ്റ്റിക് മാലിന്യ പരിപാലന കേന്ദ്രം - കുറ്റിപ്പുറം, മലപ്പുറം നിർമ്മാണ ഉദ്ഘാടനം | Completed |
| 66 | ലൈഫ് പദ്ധതിയുടെ ഭാഗമായി 25000 ഭവനങ്ങ ളുടെ പൂർത്തീകരണം | Completed |
| 67 | 589 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണ പദവി പ്രഖ്യാപനം | Completed |
| 68 | 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം നടപ്പാക്കൽ | Completed |
| 69 | ലൈഫ് പദ്ധതിയുടെ ഭാഗമായി 29 ഭവന സമുച്ചയങ്ങളുടെ നിർമാണ ഉദ്ഘാടനം | Completed |
| 70 | ആയിരം പച്ചത്തുരുത്തുകൾ പ്രഖ്യാപനം | Completed |
| 71 | ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (സ്മാർട്ട് സിറ്റി , കൊച്ചി ) ഉദ്ഘാടനം | Completed |
| 72 | വടക്കാഞ്ചേരി മുനിസിപ്പൽ കെട്ടിടം ഉദ്ഘാടനം. | Completed |
| 73 | പ്രവാസികളുടെ സമഗ്ര പുനരധിവാസം - സ്കിൽ ഡെപ്പോസിറ്ററി ഉദ്ഘാടനം | Completed |
| 74 | രണ്ടാം കുട്ടനാട് പാക്കേജിനു തുടക്കം കുറിക്കുന്നു | Completed |
| 75 | കൊല്ലം ജില്ലാ പ്ലാനിങ് ഓഫീസ് കെട്ടിടം ഉദ്ഘാടനം | Completed |
| 76 | ആലപ്പുഴ കയർ മ്യൂസിയത്തിൻറെ ഉദ്ഘാടനവും പോർട്ട് മ്യൂസിയത്തിൻറെ തറക്കല്ലിടലും. | Completed |
| 77 | കൊയിലാണ്ടി, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം ഉദ്ഘാടനം | Completed |
| 78 | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ പോർട്ട് ഓഫീസ് ബിൽഡിംഗ് ഉദ്ഘാടനം | Completed |
| 79 | കൊല്ലം പാസഞ്ചർ ടെർമിനൽ ഉദ്ഘാടനം | Completed |
| 80 | പുതുതായി വാങ്ങിയ 2 ടഗ്ഗുകൾ കമ്മീഷൻ ചെയ്യൽ | Completed |
| 81 | ആലപ്പുഴ - ചങ്ങനാശ്ശേരി സെമി എലവേറ്റഡ് റോഡിന്റെ നിർമ്മാണ ഉദ്ഘാടനം | Completed |
| 82 | കൊങ്കൺ റെയിൽ കോർപറേഷൻ SPV ആയിട്ടുള്ള വയനാട് തുരങ്കപ്പാത - കിഫ്ബി - പ്രൊജക്റ്റ് ലോഞ്ചിങ് | Completed |
| 83 | 1273 കോടി രൂപയുടെ 181 പൊതുമരാമത്ത് റോഡുകളുടെ ഉദ്ഘാടനം | Completed |
| 84 | 901 കോടി രൂപയുടെ 158 കി.മീ. കെ.എസ്.റ്റി.പി റോഡുകളുടെ പ്രവർത്തനം ആരംഭിക്കുന്നു | Completed |
| 85 | അരുവിക്കര മിനി സിവിൽസ്റ്റേഷൻ ഉദ്ഘാടനം | Completed |

| | | |
|---|---|---|
| 86 | 5 സബ് റജിസ്റ്റാര് ഓഫീസുകളുടെ പ്രവർത്തനോദ്ഘാടനം | Completed |
| 87 | KMRL- ചമ്പക്കര പാലം ഉദ്ഘാടനം | Completed |
| 88 | 19 സ്മാർട്ട് വില്ലേജുകളുടെ ഉദ്ഘാടനം | Completed |
| 89 | പട്ടികജാതി വികസന വകുപ്പ് 6,000 പഠനമുറികളുടെ പൂർത്തീകരണ പ്രഖ്യാപനം | Completed |
| 90 | SC/ST സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, 20 പദ്ധതികളുടെ ഉദ്ഘാടനം | Completed |
| 91 | പട്ടികവർഗ്ഗ വികസന വകുപ്പിലെ 4 മെട്രിക് ഹോസ്റ്റലുകളുടെ ഉദ്ഘാടനം | Completed |
| 92 | വേളി മിനിയേച്ചർ റെയിൽവേ ഉദ്ഘാടനം | Completed |
| 93 | കോഴിക്കോട് ബീച്ച് കൾച്ചറൽ ഹബ്ബ് | Completed |
| 94 | നെയ്യാർ ഡാമിലെ ടൂറിസം പദ്ധതി | Completed |
| 95 | വെള്ളാർ ക്രാഫ്റ്റ് വില്ലേജ് ഉദ്ഘാടനം | Completed |
| 96 | ജലഗതാഗത മേഖലയിലെ ഹൈബ്രിഡ് ക്രൂയിസ് വെസൽ, കറ്റമറൻ ബോട്ടുകൾ, വാട്ടർ ടാക്സികളുടെ നിർമ്മാണപൂർത്തീകരണം | Completed |
| 97 | കൊച്ചി മെട്രോ പോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി | Completed |
| 98 | പുതിയ 5 സബ് റീജിയണൽ ട്രാൻസ്പോർട് ഓഫീസുകളുടെ ഉദ്ഘാടനം | Completed |
| 99 | കെ.എസ്.ആർ.ടി.സി മൊബൈൽ റിസർവേഷൻ ആപ്പ് (Ente KSRTC) ഉദ്ഘാടനം | Completed |
| 100 | ജലജീവൻ മിഷൻ സംസ്ഥാനതല പദ്ധതി ഉദ്ഘാടനം | Completed |
| 101 | 200 കോടി രൂപയുടെ തീരസംരക്ഷണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചെല്ലാനത്ത് | Completed |
| 102 | കടമക്കുടി കുടിവെള്ള പദ്ധതി | Completed |
| 103 | ഗെയിൽ പൈപ്പ്ലൈൻ പദ്ധതി ഉദ്ഘാടനം | Completed |
| 104 | കൊച്ചി മെട്രോ റയിലിന്റെ തൈക്കുടം മുതൽ പേട്ട വരെ പൂർത്തിയായ പാതയുടെ ഉദ്ഘാടനം | Completed |
| 105 | കേരളത്തിലെ വിവിധ ദേശീയപാതകളുടെ വികസനത്തിന് തുടക്കം കുറിക്കലും, കഴക്കൂട്ടം - മുക്കോല ദേശീയപാതയുടെ ഉദ്ഘാടനവും | Completed |
| 106 | 100 യന്ത്രവൽകൃത കയർ ഫാക്ടറികളുടെ പൂർത്തീകരണം | Completed |
| 107 | ആലപ്പുഴ കയർ മ്യൂസിയത്തിൻറെ ഉദ്ഘാടനവും പോർട്ട് മ്യൂസിയത്തിൻറെ തറക്കല്ലിടലും. | Completed |
| 108 | 5 എക്സൈസ് ഓഫീസുകളുടെ ഉദ്ഘാടനം | Completed |
| 109 | ഗുരുവായൂർ പ്രസാദം പദ്ധതി | Completed |
| 110 | ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം | Completed |

| | | |
|---|---|---|
| 111 | കണ്ണൂർ കൈത്തറി കോംപ്ലക്സിലെ പൈതൃക മന്ദിരത്തിന്റെ ശാസ്ത്രീയ സംരക്ഷണം പൂർത്തിയാക്കലും കൈത്തറി മ്യൂസിയം സജ്ജീകരണത്തിന്റെ ഉദ്ഘാടനവും | Completed |
| 112 | തിരുവനന്തപുരം രവി വർമ്മാ ആർട്ട് ഗാലറി - ശിലാസ്ഥാപനം | Completed |
| 113 | ഇന്റർ നാഷണൽ റിസർച്ച് & ഹെറിറ്റേജ് സെന്റർ കാര്യവട്ടം - ശിലാസ്ഥാപനം | Completed |
| 114 | ഇന്റർനാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തന ഉദ്ഘാടനം | Completed |
| 115 | മലബാർ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ബ്ലോക്ക് ,ഗസ്റ്റ് ഹൌസ് ഉദ്ഘാടനം | Completed |
| 116 | 50 കേരള ചിക്കൻ ഔട്ട്ലറ്റുകൾ | Incomplete |
| 117 | നവീകരിച്ച സ്റ്റേറ്റ് ഡയറിലാബ് കെട്ടിടം ഉദ്ഘാടനം | Incomplete |
| 118 | എലിവേറ്റഡ് ആൻറ് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് പദ്ധതി ആദ്യ തറക്കല്ലിടൽ | Incomplete |
| 119 | 10,000 മത്സ്യകർഷകർക്ക് കെ.സി.സി. വായ്പ | Incomplete |
| 120 | ചെത്തി ഹാർബർ നിർമ്മാണോദ്ഘാടനം | Incomplete |
| 121 | തിരുവനന്തപുരം, കൊല്ലം, എറണാകുളം ജില്ലകളിൽ ഓൺലൈൻ മത്സ്യവിപണനവും ഹോം ഡെലിവറിയും പ്രവർത്തനോദ്ഘാടനം | Incomplete |
| 122 | 60 മത്സ്യമാർക്കറ്റുകളുടെ നവീകരണം | Incomplete |
| 123 | കോന്നി എലിഫെൻറ് മ്യൂസിയം ഉദ്ഘാടനം | Incomplete |
| 124 | എപിജെ അബ്ദുൾകലാം സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയ്ക്ക് സ്ഥിരം കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം | Incomplete |
| 125 | കോളേജ്, ഹയർ സെക്കൻററി മേഖലകളിൽ 1000 തസ്തികകളുടെ പ്രഖ്യാപനം | Incomplete |
| 126 | കുട്ടനാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, ശിലാസ്ഥാപനം | Incomplete |
| 127 | കെൽട്രോൺ സൂപ്പർ കപ്പാസിറ്റർ നിർമ്മാണ ഉദ്ഘാടനം | Incomplete |
| 128 | ഭിന്ന ശേഷിക്കാർക് സ്വയം തൊഴിൽ - കൈവല്യ പദ്ധതി | Incomplete |
| 129 | സംസ്ഥാനത്തെ 10 സർക്കാർ ഐടിഐ കളെ KIIFB സഹായ ത്തോടെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ നിർമാണ പ്രവർത്തികളുടെ ഉദ്ഘാടനം | Incomplete |
| 130 | അതിഥിത്തൊഴിലാളികൾക്ക് വാടകയ്ക്ക് താമസസൗകര്യം ഏർപ്പെടുത്തുന്ന ഗസ്റ്റ് വർക്കർ ഫ്രണ്ട്ലി റസിഡൻറ്സ് ഇൻ കേരളയുടെ ഉദ്ഘാടനം | Incomplete |
| 131 | പ്രവാസികൾക്കായി മെഡിക്കൽ ഇൻഷുറൻസ് പോളിസി | Incomplete |

| | | |
|---|---|---|
| 132 | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വൈദ്യുതി സബ്സ്റ്റേഷന്റെയും സ്വിച്ച് യാർഡിന്റെയും ഉദ്ഘാടനം | Incomplete |
| 133 | കോതമംഗലം, ചാലക്കുടി, കല്ലൂർ സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനം | Incomplete |
| 134 | പുഗലൂർ – മാടക്കത്തറ ഹൈവോൾട്ടേജ് ഡിസി ലൈൻ ആദ്യഘട്ടം ഉദ്ഘാടനം | Incomplete |
| 135 | കുണ്ടന്നൂർ മേൽപ്പാലം ഉദ്ഘാടനം | Incomplete |
| 136 | വൈറ്റില മേൽപ്പാലം ഉദ്ഘാടനം | Incomplete |
| 137 | ആലപ്പുഴ ബൈപ്പാസ് ഉദ്ഘാടനം | Incomplete |
| 138 | 41 കിഫ്ബി റോഡ് പദ്ധതികളുടെ ഉദ്ഘാടനം | Incomplete |
| 139 | 21 പാലങ്ങളുടെ പൂർത്തീകരണം | Incomplete |
| 140 | പുനലൂർ കോർട്ട് കോംപ്ലക്സ് ഉദ്ഘാടനം | Incomplete |
| 141 | 20,000 പട്ടയ വിതരണം | Incomplete |
| 142 | ആലപ്പുഴയിലെ മാതൃകാ പി.കെ. കാളൻ പട്ടികവർഗ്ഗ കുടുംബ ഉന്നമന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം | Incomplete |
| 143 | കൂത്തുപറമ്പ്, ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയങ്ങളടക്കം 10 സ്പോർട്സ് സ്റ്റേഡിയങ്ങൾ ഉദ്ഘാടനം | Incomplete |
| 144 | 66 ടൂറിസം പദ്ധതികളുടെ ഉദ്ഘാടനം . | Incomplete |
| 145 | പാലക്കാട് ഇൻറർസ്റ്റേറ്റ് വാട്ടർ ഹബ്ബ് | Incomplete |
| 146 | കോവളം –ബേക്കൽ ജലപാത ഉദ്ഘാടനം (കൊല്ലം തോട് 8.1 കി.മീ ഉദ്ഘാടനം) | Incomplete |
| 147 | പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം | Incomplete |
| 148 | തൃശ്ശൂർ ചേറ്റുവ കോട്ട ശാസ്ത്രീയ സംരക്ഷണം | Incomplete |
| 149 | കണ്ണൂർ സെൻറ് ജോൺസ് പള്ളി – ശാസ്ത്രീയ സംരക്ഷണം പൂർത്തിയാക്കൽ | Incomplete |
| 150 | പയ്യാമ്പലം ഗവ: ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ മുഖമണ്ഡപം ശാസ്ത്രീയ സംരക്ഷണം പൂർത്തിയാക്കൽ | Incomplete |
| 151 | തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയം | Incomplete |
| 152 | പയ്യന്നൂർ ഗാന്ധി സ് മൃതി മ്യൂസിയം | Incomplete |
| 153 | പെരളശ്ശേരി എ.കെ.ജി. സ് മൃതി മ്യൂസിയം – ശിലാസ്ഥാപനം | Incomplete |
| 154 | സെൻട്രൽ ആർക്കൈവ്സിൽ താളിയോല മ്യൂസിയം | Incomplete |
| 155 | ഇടുക്കി ജില്ലാ ഹെറിറ്റേജ് സെൻറർ | Incomplete |
| 156 | പ്രവാസികൾക്കായി മെഡിക്കൽ ഇൻഷ്വറൻസ് പോളിസി | Incomplete |

# അനുബന്ധം II

| നൂറു ദിന കർമ്മ പരിപാടി – രണ്ടാം ഘട്ടം | |
|---|---|
| പദ്ധതി വിശദാംശങ്ങൾ | |
| ക്രമനമ്പർ | പദ്ധതി |
| 1 | ഹോർട്ടികോർപ്പിന്റെ കുർക്കഞ്ചേരി സംഭരണ കേന്ദ്രം, 2 സ്റ്റാൾ എന്നിവയുടെ ഉദ്ഘാടനം |
| 2 | 496 കോടി രൂപയുടെ 46 വിവിധ കൃഷി പദ്ധതികളുടെ ഉദ്ഘാടനം |
| 3 | കർഷക ക്ഷേമനിധി ബോർഡിൻറെ ഉദ്ഘാടനം |
| 4 | 750 സഹകരണ ബാങ്കുകളെങ്കിലും കോപ്പ് മാർട്ടുകൾ ആരംഭിക്കുമെന്ന് ഉറപ്പുവരുത്തും |
| 5 | കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിൻറെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കൽ |
| 6 | കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം, വി.ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിൻറെ ആദ്യഘട്ടം, എന്നിവയുടെ നിർമ്മാണം ആരംഭിക്കൽ |
| 7 | ഗോവിന്ദ പൈ സ്മാരകം, കൊല്ലം ബസവേശ്വര സ്മാരകം എന്നിവയടക്കം 9 സാംസ്കാരിക കേന്ദ്രങ്ങളുടെ ഉദ്ഘാടനം |
| 8 | പുരാവസ്തു വകുപ്പിൻറെ നേതൃത്വത്തിൽ പെരളശ്ശേരി എകെജി മ്യൂസിയം, ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, രാജാരവി വർമ്മ ആർട്ട് ഗ്യാലറി കെട്ടിടം എന്നിവയുടെ ശിലാസ്ഥാപനം |
| 9 | 2021 ജനുവരി 1 മുതൽ ക്ഷേമപെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിച്ച് 1500 രൂപ |
| 10 | 60 കോടി രൂപ മുതൽമുടക്കിൽ 9 തീരദേശ ജില്ലകളിൽ പൂർത്തിയാകുന്ന 87 തീരദേശ റോഡുകളുടെ ഉദ്ഘാടനം |
| 11 | കമ്മീഷൻ ചെയ്യപ്പെടുന്ന പ്രവർത്തികൾ |
| 12 | ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനു തറക്കല്ലിടൽ |
| 13 | ചെല്ലാനം, താനൂർ, വെള്ളിയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കമ്മീഷനിംഗ് |
| 14 | തലായി മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ചുള്ള തീരസംരക്ഷണം, നീണ്ടകര തുറമുഖത്തിൽ ഡ്രഡ്ജിംഗ്, തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ നവീകരണം |
| 15 | തീരദേശ വികസന കോർപ്പറേഷൻറെ ആഭിമുഖ്യത്തിൽ തീരദേശ സ്കൂളുകളുടെ പുതിയ കെട്ടിടങ്ങളുടെയും നവീകരണ പ്രവൃത്തികളുടെയും ഉദ്ഘാടനം |
| 16 | തീരദേശത്ത് നിശ്ചിത പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സ്ഥലം കണ്ടെത്തി അവർക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പുനർഗേഹം പദ്ധതി |
| 17 | പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം / നിർമ്മാണോദ്ഘാടനം |
| 18 | പൂന്തുറ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണോദ്ഘാടനം |

| | |
|---|---|
| 19 | മത്സ്യബന്ധന യാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷ്വറൻസ് പദ്ധതി |
| 20 | രണ്ട് മറൈൻ ആംബുലൻസുകൾ |
| 21 | വളഞ്ഞവഴിയിൽ ആറ്റുകൊഞ്ച് ഹാച്ചറി, പന്നിവേലിച്ചിറ ഫിഷ് ഹാച്ചറി, കുളത്തുപ്പുഴ, കണത്താർക്കുന്നം ഫിഷ് സീഡ് ഫാമുകൾ എന്നിവയുടെ ഉദ്ഘാടനവും ജനുവരി മാസത്തിൽ |
| 22 | 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 5 എണ്ണം സൂപ്പർ സ്റ്റോറുകളായും ഉയർത്തുക |
| 23 | റേഷൻ ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് വേണ്ടിയുള്ള GPS സംവിധാനവും കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനവും നടപ്പിലാക്കൽ |
| 24 | സൗജന്യ പലവ്യഞ്ജന കിറ്റുകൾ അടുത്ത നാല് മാസവുംകൂടി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി വിതരണം |
| 25 | കോട്ടൂർ ആന പരിപാലന കേന്ദ്രം ഒന്നാംഘട്ടം പൂർത്തിയാക്കൽ |
| 26 | തിരുവനന്തപുരം ജില്ലയിലെ 108 കുടുംബങ്ങൾക്ക് 16 കോടി രൂപ നഷ്ടപരിഹാരം നൽകി അവരുടെ 17 ഹെക്ടർ ഭൂമി ഏറ്റെടുത്തു കൊണ്ട് ഉൾവനങ്ങളിൽ താമസിക്കുന്ന ആദിവാസിയേതര കുടുംബങ്ങളുടെ സ്വയംസന്നദ്ധ പുനരധിവാസ പരിപാടി |
| 27 | 25 കോടി രൂപ ചെലവിൽ നിർമ്മിച്ച 50 സ്കൂളുകളുടെയും 3 കോടി രൂപ ചെലവിൽ നിർമ്മിച്ച 30 സ്കൂളുകളുടെയുമടക്കം 80 പുതിയ ആധുനിക സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം |
| 28 | 3 കോടി രൂപയും 1 കോടി രൂപയും മുതൽമുടക്കി നിർമ്മിക്കുന്ന 300 പുതിയ സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടൽ |
| 29 | 32 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ / കമ്മ്യൂണിറ്റി / പബ്ലിക് ഹെൽത്ത് സെൻററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ |
| 30 | 53 ജനറൽ / ജില്ല / താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ്, പുതിയ ഒ പി ബ്ലോക്ക് തുടങ്ങിയ കൂടുതൽ ചികിത്സ/പരിശോധനാ സൗകര്യങ്ങളും രോഗിസൗഹൃദ സംവിധാനങ്ങളുടെയും ആരംഭം |
| 31 | ആയുർവ്വേദ ആശുപത്രികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ളവയുടെ ഉദ്ഘാടനം |
| 32 | ആലപ്പുഴയിലെ സഹകരണ ഹോമിയോ മരുന്ന് നിർമ്മാണശാലയായ ഹോംകോയുടെ രണ്ടാംഘട്ട വിപുലീകരണത്തിനുവേണ്ട കെട്ടിടങ്ങളുടെ ഉദ്ഘാടനം |
| 33 | എറണാകുളം ജില്ലാ ആശുപത്രി സമുച്ചയത്തിൻറെ ഉദ്ഘാടനം |

| | |
|---|---|
| 34 | ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന പുനലൂർ താലൂക്ക് ആശുപത്രിയുടെ അത്യാധുനിക കെട്ടിടത്തിൻറെയും ചികിത്സാ സംവിധാനങ്ങളുടെയും എറണാകുളം ജില്ലാ ആശുപത്രി സമുച്ചയത്തിൻറെയും ഉദ്ഘാടനം |
| 35 | കോവിഡ് വാക്സിൻ കേരളത്തിൽ എല്ലാവർക്കും സൗജന്യമായി നൽകൽ |
| 36 | താലൂക്ക്, ജില്ലാ, മെഡിക്കൽ കോളജ് ആശുപത്രികളിൽ അധിക സൗകര്യങ്ങളുടെ ഉദ്ഘാടനം/നിർമ്മാണം ആരംഭം |
| 37 | തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ പിജി അക്കാദമിക ബ്ലോക്ക് ഉദ്ഘാടനം |
| 38 | നിഷിൻറെ സെൻസറി പാർക്ക്, ബധിരർക്കുള്ള സ്റ്റുഡിയോ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ  ആരംഭം |
| 39 | പരിയാരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ വനിതാ-ശിശു ആയുർവ്വേദ ആശുപത്രി പുതിയ മന്ദിരം ഉദ്ഘാടനം |
| 40 | പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക |
| 41 | ഫുഡ്സേഫ്റ്റി കമ്മീഷണറേറ്റിൻറെ പുതിയ മന്ദിരോദ്ഘാടനം |
| 42 | ഹോമിയോ മെഡിക്കൽ കോളേജിലെ വനിതാ ഹോസ്റ്റൽ ഉദ്ഘാടനം |
| 43 | 13 കോളേജുകളിലും എംജി യൂണിവേഴ്സിറ്റി കാമ്പസിലുമായി കിഫ്ബി വഴിയുള്ള 205 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം |
| 44 | എ.പി.ജെ അബ്ദുൾകലാം സർവ്വകലാശാല കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം നടത്തൽ |
| 45 | എയ്ഡഡ് കോളേജുകളിൽ 721 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവിറക്കുന്നു |
| 46 | മലയാളം സർവ്വകലാശാല ആസ്ഥാന മന്ദിരത്തിൻറെ ശിലാസ്ഥാപനം നടത്തൽ |
| 47 | ആലുവ പൊലീസ് സ്റ്റേഷൻ കെട്ടിടം ഉദ്ഘാടനം |
| 48 | കൊച്ചിയിലെ സ്മാർട്ട് പൊലീസ് സ്റ്റേഷൻ ഉദ്ഘാടനം |
| 49 | ക്രൈംബ്രാഞ്ച് കോംപ്ലക്സ് ഉദ്ഘാടനം |
| 50 | തനിച്ചു താമസിക്കുന്ന മുതിർന്ന പൗരൻമാർക്കുള്ള വി-കെയർ പദ്ധതി |
| 51 | തിരുവനന്തപുരം സൈബർ ഡോം കെട്ടിടം ഉദ്ഘാടനം |
| 52 | മൂന്നാം ഡിസ്ട്രിക്റ്റ് ട്രെയിനിംഗ് സെൻറർ ഉദ്ഘാടനം |
| 53 | വിവിധ ജില്ലകളിലെ ഡിസ്ട്രിക്റ്റ് കമാൻഡൻറ് കൺട്രോൾ സെൻററുകൾ ഉദ്ഘാടനം |
| 54 | സ്ത്രീകളുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള ഇൻറഗ്രേറ്റഡ് വിമൻ സെക്യൂരിറ്റി ആപ്പ് പുറത്തിറക്കൽ |

| | |
|---|---|
| 55 | അവയവദാന ശസ്ത്രക്രിയ കഴിഞ്ഞവർക്ക് സ്ഥിരമായി കഴിക്കേണ്ട 250 രൂപ മാർക്കറ്റ് വി... വരുന്ന 5 ഇനം മരുന്നുകൾ ഗുണമേന്മ ഉറപ്പാക്കി അഞ്ചിലൊന്നു വിലയ്ക്ക് KSDP യിൽ ഉൽപ്പാദനം ആരംഭിക്കൽ |
| 56 | ആലപ്പുഴ KSDP യുടെ 200 കോടി രൂപ മുതൽ മുടക്കുവരുന്ന ഓങ്കോളജി പാർക്കിനു തറക്കല്ലിടൽ |
| 57 | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി ക്രെഡിറ്റേഴ്സുമായുള്ള ബാധ്യത തീർത്ത് 146 കോടി രൂപ മുടക്കി കേരള സർക്കാർ ഏറ്റെടുക്കൽ |
| 58 | മലബാർ കോഫി പൗഡർ വിപണിയിലിറക്കുന്നതിനു മുന്നോടിയായി മലബാർ കോഫിയുടെ നിർമ്മാണത്തിനുള്ള എസ്പിവിക്ക് രൂപം നൽകൽ |
| 59 | മാർച്ച് 31ന് മുമ്പ് ഉദ്ഘാടനം നടത്തപ്പെടുന്ന വ്യവസായ പദ്ധതികൾ |
| 60 | മുട്ടം സ്പൈസസ് പാർക്കിൻറെ ശിലാസ്ഥാപനം |
| 61 | ഐറ്റി മേഖലയിലെ വിജ്ഞാനോൽപ്പാദനത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ പോകുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഉദ്ഘാടനം |
| 62 | ടെക്നോസിറ്റിയിൽ ഇൻറഗ്രേറ്റഡ് സ്റ്റാർട്ട്അപ്പ് കോംപ്ലക്സ് ഉദ്ഘാടനം |
| 63 | ടെക്നോസിറ്റിയിൽ ഒരുലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൻറെ പൂർത്തീകരണം |
| 64 | എസ്.സി-എസ്.റ്റി വിദ്യാർത്ഥികൾക്കുള്ള സമന്വയ പരിശീലന പദ്ധതിയുടെ ഉദ്ഘാടനം |
| 65 | ഒഡെപക്കും കെയ്സും സംയുക്തമായി അങ്കമാലിയിൽ ആരംഭിച്ച സ്കിൽ സെൻറർ ഉദ്ഘാടനം |
| 66 | കുളത്തൂപ്പുഴ പ്ലാൻറേഷൻ തൊഴിലാളികളുടെ വീടുകളുടെ താക്കോൽദാനം |
| 67 | മുതിർന്ന പൗരൻമാർക്കുള്ള നവജീവൻ തൊഴിൽ പദ്ധതിയുടെ ഉദ്ഘാടനം |
| 68 | മേനംകുളത്ത് സ്ത്രീ തൊഴിലാളികൾക്കായുള്ള അപ്പാർട്ട്മെൻറിൻറെ ശിലാസ്ഥാപനം |
| 69 | വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ വീടുകളുടെ ശിലാസ്ഥാപനം |
| 70 | 100 കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം ആരംഭിക്കൽ |
| 71 | 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കിത്തുടങ്ങും |
| 72 | 153 കുടുംബശ്രീ ഭക്ഷണശാലകൾ |
| 73 | 182 കോടി രൂപയുടെ അമൃത് സ്കീമിൽപ്പെട്ട 24 പദ്ധതികളുടെ ഉദ്ഘാടനം |

| | |
|---|---|
| 74 | 189 കോടി രൂപയുടെ ചെലവു വരുന്ന മറ്റു 37 നഗരവികസന പദ്ധതികളുടെ ആരംഭം |
| 75 | 250 പഞ്ചായത്തുകൾകൂടി ശുചിത്വ പദവിയിലേയ്ക്ക് ഉയരും |
| 76 | അയ്യൻകാളി നഗര തൊഴിലുറപ്പ് പരിപാടിയിൽ 8 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ |
| 77 | എറണാകുളത്ത് ബയോമെഡിക്കൽ മാലിന്യ സംസ്കരണ പൊതുകേന്ദ്രത്തിനു തുടക്കം |
| 78 | കഴിഞ്ഞ നാലു വർഷത്തിനിടെ 41578 കിലോമീറ്റർ നീർച്ചാലുകളും 390 കിലോമീറ്റർ പുഴയും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 31ന് മുമ്പായി ഇത് 50000 കിലോമീറ്ററായി വർദ്ധിപ്പൽ |
| 79 | കുടുംബശ്രീയുടെ നേതൃത്വത്തിൽ 500 കയർ & ക്രാഫ്റ്റ് സ്റ്റാളുകളുടെ ഉദ്ഘാടനം |
| 80 | കെഎസ്എഫ്ഇയുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയുടെ ഉദ്ഘാടനം |
| 81 | ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി ലൈഫ് മിഷൻറെ മൂന്നാംഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള 101 ഭവന സമുച്ചയങ്ങളിൽ 5 ഭവന സമുച്ചയങ്ങളുടെ പൂർത്തീകരണം മാർച്ച് 31ന് മുമ്പ് |
| 82 | മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നവീകരണ പരിപാടിയിൽപ്പെടുന്ന 1620 പ്രവൃത്തികൾ (3598 കിമീ) പൂർത്തീകരണം ജനുവരി 31നകം |
| 83 | മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട 1625 പ്രവൃത്തികൾ (4421 കിമീ) പൂർത്തീകരണം മാർച്ച് 31നകം |
| 84 | രണ്ടാംഘട്ടത്തിൽപ്പെട്ട 1627 പ്രവൃത്തികൾ (3785 കിമീ) പൂർത്തീകരണം ഫെബ്രുവരി 28നകം |
| 85 | ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾ പൂർത്തീകരിക്കുകയും 35,000 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്യുക |
| 86 | സ്മാർട്ട് സിറ്റി പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരസഭകളിലായി 190 കോടി രൂപയുടെ വിവിധ പദ്ധതികളുടെ പൂർത്തീകരണം |
| 87 | തിരിച്ചെത്തിയ പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതികൾക്കായുള്ള പ്രോജക്ടുകളുടെ പ്രഖ്യാപനം ജനുവരി, 2021 ൽ |
| 88 | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം |
| 89 | ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങളുടെ ഒന്നാംഘട്ട വിതരണം |
| 90 | കൂത്താട്ടുകുളം, മാറാടി, 110 കെവി സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനം |
| 91 | ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി കോതമംഗലം, ചാലക്കുടി, കലൂർ 220 കെവി സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനം |
| 92 | ദ്യുതി പദ്ധതിയിൽ 290 കോടി രൂപയുടെ പദ്ധതികളുടെ പൂർത്തീകരണം |

| | |
|---|---|
| 93 | മാടക്കത്തറ അരീക്കോട് 400 കെവി മൾട്ടി വോൾട്ടേജ് ലൈനുകളുടെ ഉദ്ഘാടനം |
| 94 | വൈദ്യുതി വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ 6 കോർപ്പറേഷൻ പരിധിയിൽ സ്ഥാപിക്കൽ |
| 95 | 387.18 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ആലപ്പുഴ ബൈപ്പാസ് ഗതാഗതത്തിനായി തുറന്നുകൊടുക്കൽ |
| 96 | 569 കോടി രൂപ ചെലവു വരുന്ന 17 പ്രധാനപ്പെട്ട റോഡുകളുടെ ഉദ്ഘാടനം |
| 97 | 60 കോടി രൂപ മുതൽമുടക്കിൽ 9 തീരദേശ ജില്ലകളിൽ പൂർത്തിയാകുന്ന 87 തീരദേശ റോഡുകളുടെ ഉദ്ഘാടനം |
| 98 | അകത്തേത്തറ, ചിറയിൻകീഴ്, മാളിയേക്കൽ, ഗുരുവായൂർ, ചിറങ്ങര, ഇരവിപുരം, വാടാനക്കുറിശ്ശി, താനൂർ - തെയ്യാല, ചേലാരി ചെട്ടിപ്പടി, കൊട്ടുവള്ളി എന്നിങ്ങനെ 252 കോടി രൂപ ചെലവു വരുന്ന 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണോദ്ഘാടനം |
| 99 | ആലപ്പുഴ കെഎസ്ആർടിസി ഗ്യാരേജിൻറെ പണികൾ ആരംഭിക്കലും 145 കോടി രൂപ അടങ്കലുള്ള ആലപ്പുഴ മൊബിലിറ്റി ഹബ്ബിൻറെ ശിലാസ്ഥാപനവും |
| 100 | എറണാകുളം ബൈപ്പാസിന് 182 കോടി രൂപ ചെലവഴിച്ചുള്ള കുണ്ടന്നൂർ, വെറ്റില മേൽപ്പാലങ്ങളുടെ ഉദ്ഘാടനം |
| 101 | കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലത്തിൻറെ ഉദ്ഘാടനം |
| 102 | പെർഫോമൻസ് ഗ്യാരണ്ടി ഉറപ്പുവരുത്തുന്ന കരാർ പ്രകാരം ഉയർന്ന നിലവാരത്തിൽ നവീകരണം നടക്കുന്ന 18 റോഡുകളുടെ (500 കിലോമീറ്റർ റോഡുകൾ )ഉദ്ഘാടനം |
| 103 | ബജറ്റിൽ നിന്നുള്ള വിഭവവിന്യാസത്തിനു പുറമേ കിഫ്ബിയിൽ നിന്ന് പണം മുടക്കി പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതികൾ തുടരും |
| 104 | റീ-ബിൽഡ് കേരളയുടെ ഭാഗമായി 1613 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണോദ്ഘാടനം |
| 105 | വട്ടോളി പാലത്തിൻറെ ഉദ്ഘാടനം |
| 106 | 10000 പട്ടയങ്ങളുടെ വിതരണം |
| 107 | 16 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നു |
| 108 | 1620 പേർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം |
| 109 | 2500 പേർക്ക് നിക്ഷിപ്ത വനഭൂമിയിലുള്ള അവകാശ |
| 110 | 300 പേർക്ക് ലാൻറ് ബാങ്ക് പദ്ധതി പ്രകാരം കൃഷി ഭൂമി |
| 111 | 3000 പഠനമുറികളുടെ പൂർത്തീകരണം |
| 112 | 3500 പേർക്ക് വനാവകാശ രേഖ |
| 113 | 4800 പട്ടികവർഗ്ഗ വീടുകളുടെ പൂർത്തീകരണം |

| | |
|---|---|
| 114 | പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ |
| 115 | പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ / അക്കാദമിക് ബ്ലോക്കുകൾ ഉദ്ഘാടനം |
| 116 | 185 കോടി രൂപ മുതൽ മുടക്കിൽ 9 പുതിയ സ്റ്റേഡിയങ്ങളുടെ ശിലാസ്ഥാപനം |
| 117 | ആലപ്പുഴ ഇഎംഎസ് സ്റ്റേഡിയത്തിൻറെ പുനർനിർമ്മാണോദ്ഘാടനം |
| 118 | കായിക മേഖലയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ |
| 119 | ജിവി രാജ സ്പോർട്സ് സ്കൂൾ നവീകരണവും 6 ഫിസിക്കൽ ഫിറ്റ്നസ് സെൻററുകളുടെ ഉദ്ഘാടനവും |
| 120 | ചെത്തി കായികവിനോദ കേന്ദ്രത്തിന് തറക്കല്ലിടൽ |
| 121 | 310 കോടി രൂപ ചെലവു വരുന്ന 27 ടൂറിസം വികസന പദ്ധതികളുടെ ഉദ്ഘാടനം |
| 122 | 75 പുതിയ കറ്റാമരൻ പാസഞ്ചർ ബോട്ടുകളുടെ നീരണിയൽ ജനുവരി മാസത്തിൽ |
| 123 | കെഎസ്ആർടിസിയുടെ അനുബന്ധ കോർപ്പറേഷനായി KSRTC SWIFT പ്രവർത്തനം ആരംഭിക്കൽ |
| 124 | പത്തനംതിട്ട ബസ് ടെർമിനൽ കോംപ്ലക്സിൻറെയും ബസ് ട്രാക്കിംഗ് ആൻറ് പാസഞ്ചർ ഇൻഫർമേഷൻ സംവിധാനത്തിൻറെയും ഉദ്ഘാടനം |
| 125 | പുതിയ 3 വാട്ടർ ടാക്സികളുടെയും സോളാർ, വൈദ്യുതി ബോട്ടുകളുടെയും സർവ്വീസ് ആരംഭം |
| 126 | കിഫ്ബി ജലവിതരണ പദ്ധതികളുടെ ഉദ്ഘാടനം |
| 127 | കെ-ഫോൺ പദ്ധതി : സംസ്ഥാനതല കൺട്രോൾ റൂം, 14 ജില്ലാതല കേന്ദ്രങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളുടെ നെറ്റ്വർക്കിംഗ് എന്നിവയടങ്ങുന്ന ഒന്നാംഘട്ടത്തിൻറെ ഉദ്ഘാടനം ഫെബ്രുവരിയിൽ |
| 128 | കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ |
| 129 | കോവളം മുതൽ ചാവക്കാട് വരെയുള്ള റീച്ചിൻറെ സ്ഥലം ഏറ്റെടുക്കലും പുനരധിവാസവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ |
| 130 | ഗെയിൽ പൈപ്പ് ലെയിൻ കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരി മാസത്തിൽ ഉദ്ഘാടനം |
| 131 | ഗെയിൽ പൈപ്പ് ലെയിൻ കൊച്ചി-മംഗലാപുരം റീച്ച് ജനുവരി മാസത്തിൽ ഉദ്ഘാടനം |
| 132 | റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ ലെയിൻ ഉദ്ഘാടനം |

| | |
|---|---|
| 133 | ആലപ്പുഴയിലെ ചെറുവാരണത്ത് ആദ്യത്തെ യന്ത്രവത്കൃത സഹകരണ ഫാക്ടറിയുടെ ഉദ്ഘാടനം . 100 യന്ത്രവത്കൃത യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കൽ . |
| 134 | കയർ കോമ്പോസിറ്റ് ഫാക്ടറിയിൽ ബൈൻഡർ ലെസ് ബോഡ് നിർമ്മിക്കുന്നതിനുള്ള ലോകത്തെതന്നെ ആദ്യ പ്ലാൻറ് ഉദ്ഘാടനം |
| 135 | വെർച്ചൽ കയർ മേള നടത്തുക |
| 136 | കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ സംയോജിത എം.എസ്.സി - പി.എച്ച്.ഡി പ്രോഗ്രാമിന്റെ ആരംഭം |
| 137 | തിരുവനന്തപുരത്ത് യുദ്ധസ്മാരകത്തിൻറെ ശിലാസ്ഥാപനം |
| 138 | നവീകരിച്ച കോൺഫറൻസ് ഹാളിൻറെയും ഗസ്റ്റ് ഹൗസിൻറെയും ഉദ്ഘാടനം |
| 139 | പാലോട് ബൊട്ടാണിക്കൽ ഗാർഡൻ - ഇക്കോ ടൂറിസം ഇൻഷ്യേറ്റീവ് ൻറെ ആരംഭം |

## അനുബന്ധം-III

## നൂറുദിന കർമ്മപരിപാടി - ഒന്നാംഘട്ടം

| സർക്കാർ/പൊതു മേഖലയിൽ നിയമനം നൽകിയവരുടെ വിവരങ്ങൾ | | | |
|---|---|---|---|
| ഭരണ വകുപ്പ് തിരിച്ചുള്ള പട്ടിക | | | |
| **ക്രമ നമ്പർ** | **ഭരണ വകുപ്പ്** | **ആകെ ഉദ്ദേശിച്ചിരിക്കുന്ന തൊഴിലവസരങ്ങൾ** | **ആകെ ലഭ്യമാക്കിയിരിക്കുന്ന തൊഴിലവസരങ്ങൾ** |
| 1 | ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് | 8021 | 8021 |
| 2 | പട്ടികജാതി വികസന വകുപ്പ് | 63 | 63 |
| 3 | കായിക, യുവജനകാര്യ വകുപ്പ് | 15 | 15 |
| 4 | ധനകാര്യ വകുപ്പ് | 1000 | 1039 |
| 5 | വ്യവസായ വകുപ്പ് | 841 | 841 |
| 6 | ആഭ്യന്തര വകുപ്പ് | 1036 | 1036 |
| 7 | വൈദ്യുതി വകുപ്പ് | 230 | 230 |
| 8 | ഗതാഗത വകുപ്പ് | 38 | 38 |
| 9 | നികുതി (ഇ) വകുപ്പ് | 72 | 72 |
| 10 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 143 | 143 |
| 11 | സാംസ്കാരിക വകുപ്പ് | 75 | 75 |
| 12 | സഹകരണ വകുപ്പ് | 19 | 19 |
| 13 | മത്സ്യബന്ധന വകുപ്പ് | 834 | 834 |
| 14 | ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതിക വിദ്യ വകുപ്പ് | 13 | 13 |
| 15 | തദ്ദേശ സ്വയംഭരണ വകുപ്പ് | 253 | 253 |
| 16 | തൊഴിലും നൈപുണ്യവും വകുപ്പ് | 1763 | 1763 |
| 17 | കുടുംബശ്രീ | 393 | 393 |
| 18 | ആരോഗ്യ കുടുംബക്ഷേമ വ കുപ്പ് | 3069 | 3069 |
| 19 | ഉൾനാടൻ ജലഗതാഗത വകുപ്പ് | 2 | 2 |
| 20 | വനം-വന്യജീവി വകുപ്പ് | 37 | 37 |
| 21 | പൊതു വിദ്യാഭ്യാസ വ കുപ്പ് | 8968 | 4962 |
| | **Total** | **26885** | **22918** |

| സംരംഭകത്വ മേഖലയിൽ തൊഴിൽ നൽകിയവരുടെ വിവരങ്ങൾ | | | |
|---|---|---|---|
| ഭരണ വകുപ്പ് തിരിച്ചുള്ള പട്ടിക | | | |
| **ക്രമ നമ്പർ** | **ഭരണ വകുപ്പ്** | **ആകെ ഉദ്ദേശിച്ചിരിക്കുന്ന തൊഴിലവസരങ്ങൾ** | **ആകെ ലഭ്യമാക്കിയിരിക്കുന്ന തൊഴിലവസരങ്ങൾ** |
| 1 | പിന്നോക്ക സമുദായ വികസന വകുപ്പ് | 3835 | 3835 |
| 2 | സഹകരണ വകുപ്പ് | 19292 | 19292 |
| 3 | പട്ടികജാതി വികസന വകുപ്പ് | 1419 | 1419 |
| 4 | ധനകാര്യ വകുപ്പ് | 1635 | 1635 |
| 5 | വ്യവസായ വകുപ്പ് | 28946 | 28946 |
| 6 | മത്സ്യ ബന്ധന വകുപ്പ് | 842 | 842 |
| 7 | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് | 1627 | 1627 |
| 8 | തൊഴിലും നൈപുണ്യവും വകുപ്പ് | 24 | 24 |
| 9 | കുടുംബശ്രീ | 36669 | 36669 |
| 10 | സാമൂഹ്യനീതി വകുപ്പ് | 3876 | 3876 |
| **Total** | | **98165** | **98165** |